പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

30/01/2014 ൽ
മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭ ചോദ്യം നം: 3726

# കോഴിക്കോട് ജില്ലയിൽ ചലച്ചിത്ര വികസന കോർപ്പറേഷനു കീഴിൽ പുതിയ തിയേറ്ററുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി |
| (എ) സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനുകീഴിലുള്ള സ്റ്റുഡിയോയും തിയേറ്ററുകളും നവീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | കോർപ്പറേഷന്റെ കീഴിലുള്ള തിരുവല്ലത്തെ ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണം, കെട്ടിടങ്ങളുടെയും അനുബന്ധ റോഡുകളുടെയും നവീകരണം, ഷൂട്ടിംഗ് ഫ്ളോറുകൾ, സ്റ്റുഡിയോ ഓഫീസ് തുടങ്ങിയവയുടെ നവീകരണപ്രവർത്തനങ്ങൾ ധൃതഗതിയിൽ നടന്നുവരുന്നു. ഇതിനകം കോർപ്പറേഷന്റെ കീഴിലുള്ള തീയേറ്ററുകളുടെ ആധുനികവത്കരണം പ്രധാനഘട്ടം പിന്നിട്ടു. തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള തീയേറ്ററുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ ആരംഭിച്ച് കഴിഞ്ഞു. ആധുനിക രീതിയിലുള്ള സൗണ്ട് സിസ്റ്റം, ഡിജിറ്റൽ പ്രൊജക്ഷൻ സംവിധാനം, സിസിറ്റിവി ക്യാമറകൾ, അക്കൗസ്റ്റിക്സ്-ഇന്റീരിയർ വർക്സ്, പുതിയ എയർ കണ്ടീഷനിംഗ് സിസ്റ്റം, മികച്ച നിലവാരമുള്ള ചെയറുകൾ, സിൽവർ സ്ക്രീൻ തുടങ്ങിയ സംവിധാനങ്ങളോടെ തീയേറ്ററുകൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ചേർത്തല ചിത്രാഞ്ജലി തീയേറ്ററിനെ രണ്ടായി വിഭജിച്ച് രണ്ട് തിയേറ്ററുകളാക്കി മാറ്റി നവീകരിക്കുവാനും പദ്ധതിയുണ്ട്. |
| (ബി) കോഴിക്കോട് ജില്ലയിൽ ചലച്ചിത്ര വികസന കോർപ്പറേഷനു കീഴിൽ പുതിയ തിയേറ്ററുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | (ബി) യും (സി) യും | ഇല്ല |
| (സി) ഉണ്ടെങ്കിൽ ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്നുള്ള വിശദാംശം നൽകാമോ? | | |

സെക്ഷൻ ഓഫീസർ